**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **04-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലകളിലെ പ്രകൃതിദുരന്ത മുന്നറിയിപ്പ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ മേഖലകളിലെ ജനങ്ങൾക്ക് പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം (Indian National Center for Ocean Information Services – INCOIS), ദേശീയകാലാവസ്ഥാ നിരീക്ഷണ വകുപ്പ് എന്നിവർ നൽകുന്ന മുന്നറിയിപ്പുകൾ അതാത് സമയത്ത് തീരദേശ മേഖലകളിലെ ജനങ്ങളെ സമൂഹ മാധ്യമങ്ങൾ വഴിയും വാട്സ് ആപ് ഗ്രൂപ്പുകൾ വഴിയും അറിയിക്കാറുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ജാഗ്രതാ നിർദ്ദേശം Hotline മുഖേനയും Online മുഖേനയും ലഭ്യമാകുന്ന മുറയ്ക്ക് രക്ഷാപ്രവർത്തനങ്ങൾക്കായി പോലീസ്, ഫയർഫോഴ്സ്, കോസ്റ്റൽ പോലീസ്, ഫിഷറീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം എന്നീ വകുപ്പുകൾക്ക് ജാഗ്രതാനിർദ്ദേശം നൽകുകയും ആയത് തീരദേശമേഖലകളിലെ ജനങ്ങളെ അറിയിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. തീരമേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾ മുഖേന തീരദേശ മേഖലയിലെ ജനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും മൈക്ക് അനൗൺസ്മെന്റ് ആയും സോഷ്യൽ മീഡിയ വഴിയും മുന്നറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ ബീച്ചുകളിലും ഹാർബറുകളിലും ജാഗ്രതാനിർദ്ദേശം നൽകിക്കൊണ്ട് അനൗൺസ്മെന്റ് നൽകുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. തീരദേശ മേഖലകളിലെ ജനങ്ങൾക്ക് പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകുന്നതിനായി തൃശ്ശൂർ ജില്ലയിലെ തീരദേശ താലൂക്കുകളായ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽ ഉൾപ്പെടെ ജില്ലയിലെ 7 താലൂക്കുകളിൽ 6 ഇടത്തും മുന്നറിയിപ്പ് സംവിധാനം (EWDS)സ്ഥാപിച്ചിട്ടുണ്ട്.<br><br>ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ (NCRMP II) ഭാഗമായി 78.60 കോടി രൂപ ചിലവാക്കി ആധുനിക |

| | | | |
|---|---|---|---|
| | | | വാർത്ത വിനിമയ മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ഒരു മുന്നറിയിപ്പ് സംവിധാനത്തിന്റെ പ്രവൃത്തി സംസ്ഥാനത്ത് 14 ജില്ലകളിൽ പുരോഗമിച്ച് വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന അടിയന്തിരഘട്ട സംവിധാനം, ജില്ല അടിയന്തിരഘട്ട സംവിധാനം, താലൂക്ക് അടിയന്തിരഘട്ട സംവിധാനം ഉൾപ്പടെ 127 സ്ഥലങ്ങളിൽ ദുരന്ത മുന്നറിയിപ്പ് സംവിധാനം വിപുലപ്പെടുത്തുക, സംസ്ഥാനത്ത് വിവിധ ദുരന്ത സാധ്യതയുള്ള 126 സ്ഥലങ്ങളിൽ പൊതുജനങ്ങളെ ജാഗരൂകരാക്കുന്നതിനായി സൈറൻ, സ്ട്രോബ് ലൈറ്റ് മുതലായവ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (ബി) | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് സംവിധാനം ലഭ്യമാക്കിയാൽ ഇവരെ അടിയന്തരമായി മാറ്റിപ്പാർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ (NCRMP II) ഭാഗമായി പ്രകൃതിദുരന്തത്തിന് വിധേയരാകാൻ സാധ്യതയുള്ള ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ 17 അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് ഉണ്ടാകുന്ന സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോട്ടും, വാടക പട്രോളിംഗ് ബോട്ടും മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി സജ്ജമാണ്. അടിയന്തര സാഹചര്യത്തിൽ കടൽക്ഷോഭ ഭീഷണി നേരിട്ടാൽ ജനങ്ങളെ സ്കൂളുകളിലേക്കും ക്യാമ്പുകളിലേക്കും മാറ്റി പാർപ്പിക്കുന്നതിനായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 600 മുതൽ 800 വരെ ആളുകളെ മാറ്റി പാർപ്പിക്കാൻ സൗകര്യം ഉള്ള വിധത്തിൽ സൈക്ലോൺ ഷെൽട്ടർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ സൈക്ലോൺ ഷെൽട്ടറും മലപ്പുറം ജില്ലയിൽ സുനാമി ഷെൽട്ടറും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ